**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2523** **07-07-2022 - ൽ മറുപടിയ്ക്ക്**

**കാപെക്സിലെ അഴിമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ . സണ്ണി ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാപെക്സിൽ കോടികളുടെ അഴിമതി നടന്നുവെന്ന ധനകാര്യ പരിശോധന വിഭാഗത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഉണ്ട്. കാപ്പക്സിലെ അഴിമതിയെപ്പറ്റി ധനകാര്യ പരിശോധനാ വിഭാഗം റിപ്പോർട്ട് നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാപ്പെക്സിന്റെ അന്നത്തെ മാനേജിംഗ് ഡയറക്ടറെ 14/2/2022 ലെ സർക്കാർ ഉത്തരവ് പ്രകാരം അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്. അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിയ്ക്കാൻ വിജിലൻസിനെ ചുമതല പ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കർഷകരിൽ നിന്നും തോട്ടണ്ടി നേരിട്ട് സംഭരിക്കാനുള്ള ഉത്തരവ് അട്ടിമറിച്ച് വിദേശത്ത് നിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്ത് കോടികൾ തട്ടിയെടുത്തു എന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; | (ബി) | കർഷകരിൽ നിന്നും നാടൻ തോട്ടണ്ടി സംഭരിക്കുവാൻ നൽകിയ സപ്ലൈ ഓർഡറിന്റെ മറവിൽ, സപ്ലൈയർ അന്യസംസ്ഥാനത്തു നിന്നും/ വിദേശ രാജ്യത്തു നിന്നും ഇറക്കുമതി ചെയ്ത വില കൂടിയതും ഗുണമേന്മ കുറഞ്ഞതുമായ തോട്ടണ്ടി കാപ്പെക്സിൽ വിറ്റഴിച്ചതായി ധനകാര്യ വിഭാഗത്തിന്റെ പരിശോധന റിപ്പോർട്ടിൽ പ്രതിപാദിയ്ക്കുന്നുണ്ട്. |
| (സി) | 2018-ലും 2019-ലും തോട്ടണ്ടി സംഭരണത്തിൽ അഴിമതി നടത്തിയെന്ന് കണ്ടെത്തിയ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ചോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (സി) | ധനകാര്യ പരിശോധന വിഭാഗത്തിന്റെ റിപ്പോർട്ടിലെ കണ്ടെത്തലും ശിപാർശയും അനുസരിച്ച് കാപ്പക്സിന്റെ അന്നത്തെ മാനേജിംഗ് ഡയറക്ടറെ 14/2/2022 ലെ സർക്കാർ ഉത്തരവ് പ്രകാരം സസ്പെന്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ വിജിലൻസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ